## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 292 10.12.2012 -ൽ മറുപടിയ്ക്ക്**

## ടെലിഫോൺ സംഭാഷണങ്ങളും ഇ-മെയിലുകളും ചോർത്തുന്ന നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ബാബു എം. പാലിശ്ശേരി : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) നിയമസഭാംഗങ്ങളുടേയോ, രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടേയോ ടെലഫോൺ സംഭാഷണങ്ങളോ ഇ - മെയിലുകളോ ചോർത്തുന്നതിന് ആർക്കെങ്കിലും ആഭ്യന്തര വകുപ്പിൽ നിന്നും അനുമതി നൽകുകയുണ്ടായോ ; എങ്കിൽ ആരുടെയെല്ലാം കാര്യത്തിൽ ആർക്കെല്ലാം അനുമതി നല്കുകയുണ്ടായിട്ടുണ്ട്;<br><br>ബി) 1885- ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിടെ വ്യവസ്ഥകൾ പ്രകാരം എം. എൽ. എ. മാരിൽ ആരുടെയെങ്കിലും ഫോൺ ചോർത്താൻ ആർക്കെങ്കിലും അനുമതി നല്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;<br><br>സി) എന്തെങ്കിലും കേസ് അന്വേഷണത്തിന്റെ ഭാഗമായി ആഭ്യന്തര വകുപ്പിന്റെ അനുമതി ഇല്ലാതെ ആരുടെയെങ്കിലും ഫോൺ പോലീസ് അന്വേഷണ സംഘം ചോർത്തുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എതെല്ലാം അന്വേഷണത്തിന്റെ ഭാഗമായി ഏതെല്ലാം എം. എൽ. എ. മാരുടെയും നേതാക്കന്മാരുടെയും ഫോൺ സംഭാഷണം ചോർത്തുകയുണ്ടായി? | (എ) (ബി) ആന്റ് (സി)<br><br>1885 - ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5 (2), 2 000 - ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവ:യിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച കൊണ്ടാണ് ടെലഫോൺ/ഇ-മെയിലുകൾ എന്നിവ വഴിയുള്ള ആശയ വിനിമയം നിരീക്ഷണത്തിൽ വയ്ക്കുന്നതിന് ആഭ്യന്തര വകുപ്പ് അനുമതി നല്കുന്നത്. അനുമതിയില്ലാതെയും നിയമാനുസൃതമല്ലാതെയും ടെലഫോണുകൾ നിരീക്ഷണത്തിൽ വെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരുടെയൊക്കെ ഫോണുകൾ നിരീക്ഷണത്തിൽവെച്ചു എന്നത് അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ